(ഡി) പി. എസ്. സി. വഴി നിയമിക്കപ്പെട്ട മുഴുവൻ ജീവനക്കാർക്കും വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്യുന്ന ശമ്പളം പൂർണ്ണമായും മുൻകാല പ്രാബല്യത്തോടെ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 5-10-2004-ന് മുൻപ് നിയമിച്ചവർക്ക് റിസർവ്വ് കണ്ടക്ടർമാരുടെ ശമ്പളം നൽകി വരുന്നുണ്ട്. 240 ഡ്യൂട്ടി തികയുന്ന മുറയ്ക്ക് അവർക്ക് 3050-75-3875-110-6075 സ്കെയിൽ ഓഫ് പേയിൽ ശമ്പളം നൽകുന്നു. എന്നാൽ അതിനുശേഷം നിയമിച്ചവരെ ഒരു ഡ്യൂട്ടിക്ക് 110 രൂപ ക്രമത്തിൽ ദിവസ വേതനം നൽകി വരുന്നു.

(ബി) 31-3-2004-ന് മുൻപ് നിയമിച്ചവർക്ക് പേസ്കെയിലിൽ ശമ്പളവും അതിനുശേഷമുള്ളവർക്ക് 110 രൂപ ഒരു ഡ്യൂട്ടിക്ക് എന്ന കണക്കിലും ദിവസ വേതനം നൽകിവരുന്നു.

(സി) കെ. എസ്. ആർ. ടി. സി. യിൽ നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ കെ. എസ്. ആർ. ടി. സി. ബോദ്ധ്യപ്പെടുത്തിയതിനെത്തുടർന്ന് 14-12-2001-ലെ ഒ. പി. 37878/01 എന്ന കേസിലെ സി. എം. പി. ഓർഡർ നം. 62078/01 കോടതി ഉത്തരവ് പ്രകാരമാണ് താൽക്കാലിക നിയമനം നടത്തിയിരിക്കുന്നത്. ഇക്കാരണത്താൽ വിജ്ഞാപനത്തിൽ പറഞ്ഞിരുന്ന ശമ്പള സ്കെയിൽ നൽകുവാൻ കഴിയുന്നില്ല.

(ഡി) 5-10-2004-നുമുൻപ് നിയമിച്ചവരും 6 മാസത്തെ ഡ്യൂട്ടി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള എല്ലാവർക്കും ശമ്പള സ്കെയിൽ നൽകിവരുന്നു. ബാക്കിയുള്ളവർക്ക് വിജ്ഞാപനം അനുസരിച്ചുള്ള ശമ്പളം നൽകുന്ന കാര്യം പരിഗണനയിലാണ്.

കെ. എസ്. ആർ. ടി. സി. കണ്ടക്ടർമാരായി നിയമനം

67 [1392] *ശ്രീ. പി. എസ്. സുപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ലിസ്റ്റ് പ്രകാരം കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർമാരായി നിയമനം ലഭിച്ചവരിൽനിന്നും 3000 രൂപ സെക്യൂരിറ്റി നിക്ഷേപമായി വാങ്ങാറുണ്ടോ;

(ബി) എത്രപേരുടെ പക്കൽനിന്നും ഈ ഇനത്തിൽ തുക വാങ്ങിയിട്ടുണ്ട്;

(സി) ഇതുവരെ വാങ്ങിയ ആകെ തുക എത്ര എന്ന് വ്യക്തമാക്കാമോ;

(ഡി) കണ്ടക്ടർ ജോലിയിൽനിന്നും രാജിവെച്ചു പോകുന്നവർക്ക് ഈ തുക തിരികെ നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട്; നൽകിയ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇനി എന്നുമുതലുള്ള എത്ര അപേക്ഷകർക്ക് ഈ തുക നൽകുവാനുണ്ടെന്ന് അറിയിക്കുമോ;

(ജി) ഇത് എന്നത്തേക്ക് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പി. എസ്. സി. അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നും നിയമിച്ച കണ്ടക്ടർമാരിൽനിന്നും സെക്യൂരിറ്റി നിക്ഷേപം വാങ്ങാറില്ല. എന്നാൽ അൺ അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നുള്ള താൽക്കാലിക കണ്ടക്ടർമാരിൽനിന്നും സെക്യൂരിറ്റി വാങ്ങാറുണ്ട്.

(ബി) ഇതിന്റെ കണക്കുകൾ ശേഖരിച്ചു വരുന്നു. ഇപ്പോൾ നടക്കുന്ന താൽക്കാലിക നിയമനം കൂടി (അൺ അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നും) കഴിഞ്ഞു മാത്രമേ ശരിയായ കണക്ക് ലഭ്യമാവുകയുള്ളൂ.

(സി) ഇതു സംബന്ധിച്ച കണക്കുകൾ ശേഖരിച്ചു വരുന്നു.

(ഡി) കണ്ടക്ടർ ജോലിയിൽനിന്നും പിരിഞ്ഞു പോകുന്നവർക്ക് അവരുടെ അപേക്ഷപ്രകാരം ഈ തുക തിരിച്ചു നൽകുന്നുണ്ട്.

(ഇ) കണക്കുകൾ ശേഖരിച്ചു വരുന്നു.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്.

എംപാനലായി നിയമനം ലഭിച്ചവരെ റിസർവ്വ് കണ്ടക്ടറാക്കാൻ നടപടി

68 [1393] *ശ്രീ. പി. കെ. കെ. ബാവ:*
„ *കളത്തിൽ അബ്ദുള്ള:*
„ *പി. കെ അബ്ദുറബ്ബ്:*
„ *കെ. എൻ. എ. ഖാദർ:*
„ *ഇസഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർ തസ്തികയിലേക്ക് പി. എസ്. സി. തെരഞ്ഞെടുത്ത് അഡ്വൈസ് ചെയ്തവരെ താൽക്കാലിക എംപാനൽ വ്യവസ്ഥയിൽ കണ്ടക്ടർമാരായി നിയമിക്കുന്നതിന്റെ കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly